പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1894 | 17.06.2013-ൽ മറുപടിക്ക്.

## ഇടമലയാർ, മാറാട് സംഭവങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടമലയാർ, മാറാട് എന്നീ പ്രത്യേക കോടതികൾ, ബന്ധപ്പെട്ട കേസുകൾ അവസാനിച്ചാലും തുടരാൻ തീരുമാനിച്ചിട്ടുണ്ടോ ; | : (എ) ഇടമലയാർ പ്രത്യേക കോടതി ഇപ്പോൾ അഡീഷണൽ ജില്ലാ കോടതി V/അഡീഷണൽ എം.എ.സി.റ്റി. എറണാകുളം എന്ന് പുനർ നാമകരണം ചെയ്ത് പ്രവർത്തിച്ചുവരുന്നു. മാറാട് സംഭവവുമായി ബന്ധപ്പെട്ട കേസുകൾ മാറാട് പ്രത്യേക കോടതിയിലും കോഴിക്കോട് സ്പെഷ്യൽ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലും നിലനിൽക്കുന്നതിനാൽ കോടതികളുടെ പ്രവർത്തനം ഇപ്പോൾ അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) ഇടമലയാറുമായി ബന്ധപ്പെട്ട എത്ര എഫ്.ഐ.ആറുകൾ ഇനിയും ചാർജ് ഷീറ്റ് സമർപ്പിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ ; | : (ബി) ഇടമലയാർ കേസ് സംബന്ധിച്ച എഫ്.ഐ.ആറുകളൊന്നും ഇനി ചാർജ്ഷീറ്റ് സമർപ്പിക്കാനില്ല. ക്രൈംബ്രാഞ്ച് അന്വേഷിച്ച് വിചാരണ പൂർത്തിയാക്കി ബഹു.സുപ്രീം കോടതി വിധിപറഞ്ഞിട്ടുണ്ട്. |
| (സി) മാറാട് സംഭവവുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസുകൾ ഇനിയും ചാർജ് ചെയ്യാൻ ബാക്കിയുണ്ടോ ? | : (സി) മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട ഗൂഢാലോചനാ കേസ് ചാർജ് ചെയ്യാനുണ്ട്. |

സെക്ഷൻ ഓഫീസർ